

● പുസ്തകഭാഗം



പ്ലാച്ചിമട കൊക്കകോള വിരുദ്ധ സമരസമിതിയും പ്ലാച്ചിമട പഠനസമിതിയും ചേർന്ന് പുറത്തിറക്കിയ ഡോ. സി.ആർ. രാജഗോപാലിന്റെ 'തണ്ണീർപന്തൽ പ്രതീകവും പ്രതിരോധവും' എന്ന പുസ്തകത്തിൽനിന്ന്

ചിത്രീകരണം : കാവ്യ

# തണ്ണീർപന്തൽ ഒരു പ്രതിരോധം

നാട്ടുചന്തകളേയും ഗ്രാമീണ കൂട്ടുപാതകളേയും ബന്ധിപ്പിച്ചിരുന്ന ഇടങ്ങളിൽ ദേശസേവനത്തിന്റെ ഒരുപാട് രീതികൾ നിലവിലിരുന്നു. വഴിയമ്പലം, അത്താണി, കരിങ്കൽത്തൊട്ടി, തണ്ണീർപന്തൽ, ചാവടി എന്നിവയായിരുന്നു അവയിൽ പ്രധാനപ്പെട്ടത്. ഇന്നും കേരളത്തിൽ പലയിടത്തും ഇതിന്റെ പുരാവസ്തു സ്മാരകങ്ങളുണ്ട്. വഴിപ്പോക്കർക്കും ഭാരം വഹിക്കുന്നവർക്കും ആശ്രയമായിരുന്നു വഴിയമ്പലങ്ങളും അത്താണികളും. അനാഥർക്കും ദേശാടകർക്കും വളർത്തുമൃഗങ്ങൾക്കുപോലും ജലം നൽകി പുണ്യം ലഭിച്ചിരുന്ന ഈ ഗ്രാമീണ നന്മയാണ് അന്യവൽക്കരിക്കപ്പെട്ടത്. റോഡ് വികസനങ്ങളുടെ ഭാഗമായി പുരാവസ്തു പ്രാധാന്യമുള്ള അത്താണികളും വഴിയമ്പലങ്ങളും തകർക്കപ്പെട്ടു.

പിച്ചള മൊന്തകളിലും മൺപാത്ര(മാട്ടുപാനി)ങ്ങളിലും പാനകക്കുടുക്കയിലും ശുദ്ധമായ കിണറുവെള്ളവും സംഭാരവും ചുക്കുവെള്ളവും സൗജന്യമായി വിതരണം ചെയ്തിരുന്ന തണ്ണീർപന്തലുകൾ കേരളത്തിന്റെ ചരിത്ര പൈതൃകത്തിന്റെ ഭാഗമാണ്. തറകളിലും വൃക്ഷച്ചുവടുകളിലും വേനൽക്കാലത്ത് ഓലപ്പന്തലുകൾ കെട്ടിയാണ് ഇതൊരുക്കുന്നത്.

കുടിവെള്ളം മലിനീകരിക്കുകയും അവസാനത്തെ ഇറ്റ് വരെ ഭൂഗർഭജലം ഊറ്റിക്കുടിക്കുകയും ജനനീതിക്കാറ്റിൽ പരത്തുകയും ചെയ്യുന്ന കോളക്കമ്പനികളുടെ ചൂഷണത്തിനെതിരെ പ്രതിരോധിക്കാൻ 'തണ്ണീർപന്തലു'കളുടെ ചരിത്രത്തെ ഒരു പ്രതീകമാക്കി മാറ്റുകയാണ്.

ജല സംരക്ഷണം എന്ന മൗലികാവകാശത്തിന്റെ പ്രതീകമാണിത്. 1993ൽ ഇന്ത്യയിൽ കുടിയേറിയ കോള ഭീകരന്റെ വാഴ്ചയ്ക്കെതിരെ ദേശീയതലത്തിൽ നടക്കുന്ന വിവിധ സമരങ്ങൾക്ക് ആവേശം പകരേണ്ടതുണ്ട്. 1999 നവംബറിൽ പ്ലാച്ചിമടയിൽ ഉല്പാദനമാരംഭിച്ച കുപ്പിവെള്ള പദ്ധതി പരിസരവാസികളുടെ ആരോഗ്യത്തിനും നിലനില്പിനും ഭീഷണിയായി മാറിയപ്പോഴാണ് പ്രദേശവാസികൾ 2002 ഏപ്രിലിൽ സമരമാരംഭിച്ചത്. ഭൂഗർഭജലം ഊറ്റിക്കുടിക്കുന്നു എന്നതിനു പുറമെ മലിനീകരണവും നടത്തുന്നു എന്നതാണ് കമ്പനി ചെയ്തത്. ശ്രീ. വി.എസ്. അച്യുതാനന്ദനും, സി.കെ. ജാനുവും പിന്തുണ നൽകിക്കൊണ്ട് ആരംഭിച്ച ഈ സമരം ഇന്ന് ലോകം മുഴുവൻ ശ്രദ്ധിക്കപ്പെട്ട ഐതിഹാസിക സമരമായി രേഖപ്പെടുത്തപ്പെട്ടു. കോള ഉല്പന്നങ്ങളിൽ കീടനാശിനികളുടെ അംശം കണ്ടെത്തിയ ഞെട്ടിപ്പിക്കുന്ന റിപ്പോർട്ടുകൾ ഇതിനകം പുറത്തിറങ്ങി.

**പ്രകൃതി നൽകിയതു ജലമാണ്. വീണ്ടെടുക്കാനുള്ളത് ശുദ്ധജലമാണ്. നിലനിർത്താനുള്ളത് ജീവൽജലമാണ്.**



കോളകമ്പനിയുടെ ഖലമാലിന്യത്തിലും വിജയനഗർ പഞ്ചായത്തിലെ കിണറിലെ കുടിവെള്ളത്തിലും കാഡ്മിയം, ലെഡ് എന്നീ വിഷവസ്തുക്കൾ വേണ്ടതിലും കൂടുതൽ കാണപ്പെടുന്നു എന്ന വാർത്തയും പുറത്തുവന്നു. ഖലമാലിന്യ നിർമ്മാർജനത്തിനായി വേണ്ടവിധത്തിലുള്ള ഒരു സംവിധാനവും കമ്പനി ചെയ്തില്ല.

**പ്രാദേശിക ജനതയുടെ പ്രകൃതിവിഭവങ്ങൾ കോർപ്പറേറ്റ് ശക്തികൾ സ്വകാര്യവൽക്കരിക്കുകയും കൊള്ളയടിക്കുകയും ചെയ്യുന്ന ഈ ദശാസന്ധിയിൽ കേരളത്തിന്റെ ആത്മാഭിമാനം വീണ്ടെടുക്കുന്ന വിധത്തിൽ ഈ നൈതിക സമരം കേരളത്തിന്റെ മുക്കിലേക്കും മൂലയിലേക്കും പടരുകയാണ്. മണ്ണും ജലവും വയലും വനവും കയ്യേറി ഗ്രാമീണരുടെ പ്രകൃതിവിഭവങ്ങൾ മുച്ചൂടും നശിപ്പിക്കുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ഇതിനെതിരായ ധാർമ്മികതയുടെ പ്രതീകമായും പ്രതിരോധത്തിന്റെ പ്രായോഗിക സമരമുഖമായും 'തണ്ണീർപന്തലുകൾ' കേരളത്തിൽ വ്യാപകമാകുകയാണ്.**

നമ്മുടെ കുട്ടികളുടേയും മറ്റും ആരോഗ്യത്തെ തകർക്കുന്ന വിധത്തിൽ കീടനാശിനികൾ കലർന്ന ലഘുപാനീയങ്ങൾ മാർക്കറ്റുകൾ കയ്യടക്കുമ്പോൾ ഗ്രാമങ്ങളിലും നഗരങ്ങളിലും കാമ്പസ്സുകളിലും പ്രതിരോധത്തിന്റെയും ജനകീയ പങ്കാളിത്തത്തിന്റെയും ഭാഗമായി നാട്ടുപാനീയങ്ങളുടെ വൈഭവം നിറഞ്ഞ തണ്ണീർപന്തലുകൾ കെട്ടണം. ഓരോ പ്രദേശങ്ങളിലും വായനശാലകളുടേയും കലാസമിതികളുടേയും യുവജനസംഘടനകളുടെയും വിദ്യാർത്ഥികളുടേയും തൊഴിലാളികളുടേയും നേതൃത്വത്തിൽ തണ്ണീർപന്തലുകൾ ഉയരണം. ഇത് ഒരു ദ്വിമുഖസമരമാർഗ്ഗമാണ്. വിവിധ മാലിന്യങ്ങളും ബാക്ടീരിയകളും നിറഞ്ഞ് നമ്മുടെ ശുദ്ധജലം ഇല്ലാതായിക്കൊണ്ടിരിക്കുമ്പോൾ മുച്ചട്ടിയിൽ ജലം ശുദ്ധീക

രിക്കുന്ന രീതിയിലുള്ള ജലശുദ്ധീകരണത്തിന്റെ നാട്ടുമാർഗ്ഗങ്ങളും നാട്ടറിവുകളും ഉപയോഗപ്പെടുത്തി നമ്മുടെ ജലപ്രകൃതി സംരക്ഷിക്കുകയാണ് ഒരു മാർഗ്ഗം. അതോടൊപ്പം ഗ്രാമീണരുടെ ഭക്ഷ്യസുരക്ഷിതത്വത്തിന്റെ അഭയകേന്ദ്രമായ കൃഷി ജലത്തെയും പരിസ്ഥിതിയെയും നശിപ്പിക്കുന്ന കോള-കുപ്പിവെള്ളക്കമ്പനികൾക്കെതിരായ പ്രതിരോധമാണ് രണ്ടാമത്തെ ലക്ഷ്യം. കുട്ടി ജനിച്ചാൽ 'നീർ തളിക്കുക' എന്ന ചടങ്ങുണ്ടായിരുന്നു. അതിനുള്ള ശുദ്ധജലം എവിടെത്തേടും?

ജീവന്റെ ആധാരമായ ജലം പ്രാദേശിക ജനതയുടെ ജന്മവകാശമാണെന്ന് പ്ലാച്ചിമടയിലെ ജനങ്ങൾ പ്രഖ്യാപിച്ചു കഴിഞ്ഞു. പ്രകൃതി ചൂഷണത്തിന്റെ പ്രതീകമായി മാറിയിരിക്കുകയാണ് കോളകമ്പനികൾ. മഴയുടെ അനുഗൃഹംകൊണ്ട് ലഭിക്കുന്ന ഓരോ തുള്ളി വെള്ളത്തെയും തണ്ണീർത്തടങ്ങളിലൂടെ സംരക്ഷിച്ചുപോന്ന ഗ്രാമീണ നൈപുണ്യങ്ങളും നാട്ടറിവുകളും ഉപയോഗപ്പെടുത്തിക്കൊണ്ട് നമുക്ക് ഈ പ്രതിരോധം ആരംഭിയ്ക്കാം. നൂറ്റാണ്ടുകളായി മണ്ണിൽ ജീവിച്ച ജനത നേടിയെടുത്ത പ്രയോഗികമായ ജ്ഞാനപരിസരത്തെ സ്വാംശീകരിച്ചുകൊണ്ടു മാത്രമേ സന്തുലിതമായ വികസനം സാധ്യമാകൂ. പ്രകൃതിവിഭവങ്ങളുടെ സ്രോതസ്സുകൾ അധികാരാശ്രയമില്ലാത്ത ജനതയുടെ സ്വത്താണ്. മുളങ്കാടുകളും, ഗ്രാമീണ വയലുകളും, കാടുകളും, പുഴയോരങ്ങളും, കൈതക്കാടുകളും, ജലപ്രകൃതിയും കേരളത്തിന്റെ സമ്പത്താണെന്നു തിരിച്ചറിയണം. ഈ സമ്പത്ത് വരുംതലമുറയുടെ മാത്രം സ്വത്താണ്. ഇവയെ കൊള്ളയടിക്കുന്നതിന് നാം കൂട്ടുനിന്നുകൂടാ. ആരോഗ്യപൂർണ്ണമായ ഒരു ജനതയുടെ സ്വപ്നത്തിന്റെ പ്രതീകമായി ഇന്ന് പ്ലാച്ചിമട സമരം മാറിയിരിക്കുകയാണ്.

*നാട്ടറിവ് പഠനകേന്ദ്രം,*
*കണിമംഗലം, തൃശൂർ*

---

ഒരു കാലത്ത് വ്യാപകമായി ഉപയോഗിച്ചിരുന്ന നാട്ടുപാനിയങ്ങളിൽ ചിലത് ഈ പുസ്തകം പരിചയപ്പെടുത്തുന്നു. വിഷകോളകൾക്കെതിരെയുള്ള പ്രതിരോധമെന്നനിലയിൽ തണ്ണീർപന്തലിലൂടെ ഇവയെ നമുക്ക് വീണ്ടെടുക്കാം.

1. മഞ്ഞപ്പൊടിയിട്ട കള്ള്
2. മല്ലിവെള്ളം
3. പേരയ്ക്കയിലയിട്ട വെള്ളം
4. കരിക്കിൻ വെള്ളം
5. ചുക്കു വെള്ളം
6. ജീരക വെള്ളം
7. ഉലുവ വെള്ളം
8. വടുകപ്പുളിയിലയും പച്ചമുളകും ചേർത്ത വെള്ളം
9. ചുക്കു കാപ്പി
10. തുളസിയില വെള്ളം
11. കഞ്ഞി വെള്ളം
12. അല്ലിക്കള്ള്
13. പനങ്കള്ള്
14. നാരാങ്ങ വെള്ളം
15. സംഭാരം
16. കൊത്തമല്ലിയിട്ട വെള്ളം
17. പച്ചമാങ്ങ സർബ്ബത്ത്
18. നന്നാറി വെള്ളം
19. ചിറ്റരത്ത വെള്ളം
20. ചപ്പങ്ങമിട്ട വെള്ളം
21. നെല്ലിയ്ക്കാനീര്
22. രാമച്ച വെള്ളം
23. കുടവന്റെ ഇലയിട്ട വെള്ളം
24. ഞെരിഞ്ഞിലിട്ട വെള്ളം
25. മലരു വെള്ളം
26. അവിൽ വെള്ളം
27. നാളികേരപ്പാൽ
27. കരിമ്പുവെള്ളം
28. ഉണക്കമുന്തിരി വെള്ളം
29. കരിങ്ങാലി വെള്ളം
30. പതിമുഖമിട്ട വെള്ളം
31. മുത്തങ്ങയിട്ട വെള്ളം
32. കാച്ചിയ പാൽ



33. വിവിധതരം രസങ്ങൾ
34. ചക്കരക്കള്ള്
35. പാനകം
36. ഏലത്തരി വെള്ളം
37. ചന്ദന വെള്ളം
38. തേൻ വെള്ളം
39. തേനും പനിനീരും
40. ചിരട്ട പൊടിച്ചിട്ട വെള്ളം
41. മധുപർക്കം
42. മലർപ്പൊടി ചേർത്ത കള്ള്
43. വേങ്ങ വെള്ളം
44. വയൽച്ചുള്ളി വെള്ളം
45. ബാർളി വെള്ളം
46. കാടി വെള്ളം
47. പാലൂദ്
48. മോരും വെള്ളം
49. കാവ (ചുക്ക് ചേർത്തത്)
50. വത്തക്കവെള്ളം
51. അണ്ടിപ്പരിപ്പു വെള്ളം
52. പാൽ വഴക്ക
53. തരിക്കഞ്ഞി
54. പലതരം ആസവങ്ങൾ
55. സുലൈമാനി
56. പലതരം സൂപ്പുകൾ
57. ബ്രാത്തുകൾ
58. കൂവപ്പൊടി വെള്ളം
59. അക്കാനി
60. ചക്കരവെള്ളം
61. കുറുന്തോട്ടി വെള്ളം
62. നെല്ലിക്കാരിഷ്ടം
63. പുല്ലാനിവെള്ളം
64. മുലപ്പാൽ
65. കറുകനീര്
66. എരുമപ്പാൽ
67. ആട്ടിൻപാൽ
68. കടുക്കമോര്
69. മോരു കാച്ചിയത്
70. കൊത്തമ്പാലരി വെള്ളം
71. ഉലുവപ്പൊടി വെള്ളം
72. പച്ചക്കറി സൂപ്പുകൾ
73. പരിപ്പു വേവിച്ച വെള്ളം
74. മുത്താറി വെള്ളം
75. പഞ്ചസാരം
76. മുക്കുടി
77. പലതരം പഴച്ചാറുകൾ
78. അരിക്കാടി വെള്ളം
79. പൂപ്പരുത്തിയിലയിട്ട വെള്ളം
80. ചെറൂള വെള്ളം
81. ഔഷധങ്ങളിട്ട പാനീയങ്ങൾ
82. മുഞ്ഞവേരിട്ട വെള്ളം
83. പലതരം കഷായങ്ങൾ
84. പലതരം വീഞ്ഞുകൾ
85. പാൽക്കഞ്ഞി
86. പഞ്ചഗവ്യം

## പുസ്തകം ലഭിക്കാൻ

കേരളീയം, കൊക്കാലെ,
തൃശൂർ-21. വില : 25.00 രൂപ